(ബി & സി) ഹെപ്പറ്റൈറ്റിസ് രോഗപ്രതിരോധത്തിനായി നൽകുന്ന കുത്തിവയ്പ് യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു വയസ്സു മുതൽ 5 വയസ്സുവരെയുള്ള ഉയർന്ന രോഗസാധ്യതാ ഗ്രൂപ്പിൽപ്പെട്ട കുട്ടികൾക്ക് ഹെപ്പറ്റൈറ്റിസ്-ബി വാക്സിൻ സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം നിലവിലുണ്ട്.

(ഡി) സാർവത്രിക രോഗപ്രതിരോധ പരിപാടിയിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്രഗവൺമെന്റ് പരിഗണിച്ചുവരുന്നു.

(ഇ) 1. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ

2. ശാന്താബൈ ടെക്നിക്സ്, ഹൈദരാബാദ്

എച്ച്.ഐ.വി. ടെസ്റ്റ് നടത്തുന്നതിന് നടപടി

98 (868) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കൈതക്കുഴിയിലെ ബിൽസിയും ബെൽസണും എച്ച്ഐ.വി. ബാധിതരാണെന്ന് ആരോപിച്ച് ചില ആളുകൾ അവരുടെ പഠിത്തം തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്നതിന്റെ കാരണത്താൽ സർക്കാർ ഇടപെട്ട് കുട്ടികൾ എച്ച്.ഐ.വി. ബാധിതരാണോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പരിശോധനാ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഈ പരിശോധന ഉടനടി നടത്തിയശേഷം പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. എന്നാൽ രണ്ട് കുട്ടികൾക്കും എച്ച്.ഐ.വി. ഉള്ളതായി തെളിഞ്ഞിട്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ, കേന്ദ്രസർക്കാരിന്റെ നാഷണൽ എയ്ഡ്സ് പോളിസി അനുസരിച്ച് രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ടതുള്ളതിനാൽ ലഭ്യമാക്കാവുന്നതല്ല.

പേപ്പട്ടി വിഷബാധയേറ്റവർക്കുള്ള ആന്റിറാബിസ് വാക്സിനുകളുടെ സ്റ്റോക്ക്

99 (869) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പട്ടി വിഷബാധയേറ്റവർക്കുള്ള ആന്റിറാബിസ് വാക്സിൻ ഏതെല്ലാം കമ്പനികളിൽ നിന്നും സർക്കാർ വാങ്ങുന്നുണ്ട് ; ഇവ എത്ര രൂപ നിരക്കിലാണ് വാങ്ങുന്നത് ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര കമ്പനികളിൽ നിന്നും എന്തുവിലയ്ക്ക് വീതം ഈ വാക്സിൻ വാങ്ങിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly